


# ജീവിതം ഒരു സുവിശേഷപ്രഘോഷണം

**മത്തായി 10:1–15; 1 കൊരി. 9:13–18; നിയമാ. 13:12–18; ഏശയ്യാ 41:8–16**

ബ്ര. ജോസഫ് പറഞ്ഞാട്ട് MCBS
(Vol. 10, Issue 19)

ഏലിയാ സ്ലീവാ മൂശാക്കാലത്തിന്റെ ഏഴാമത്തെ ഞായറാഴ്ചയായ ഇന്ന് സഭ, മിഷൻ ഞായറായി ആചരിക്കുകയാണ്. ലോകമാസകലമുള്ള പ്രേഷിതരെ ഓർമ്മിക്കാനുള്ള ദിനമാണ് മിഷൻ ഞായർ. നാമോരോരുത്തരും പ്രേഷിതരാണെന്ന് തിരിച്ചറിയാനുള്ള ദിനം, വിശ്വാസത്തെപ്രതി പീഡിപ്പിക്കപ്പെടുന്ന സകല വിശ്വാസികളെയും ഓർമ്മിക്കാനും സഹായിക്കാനുമുള്ള ദിനം.

വി. മത്തായിയുടെ സുവിശേഷം 28:19-20 ൽ ഇപ്രകാരം നാം വായിക്കുന്നു: ''നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ; പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ; ഞാൻ നിങ്ങളോട് കൽപിച്ചവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്ത്യം വരെ എന്നും ഞാൻ നിങ്ങളോടു കൂടെയുണ്ടായിരിക്കും.'' സുവിശേഷപ്രഘോഷണവും പ്രേഷിതപ്രവർത്തനങ്ങളുമെല്ലാം പുരോഹിതരുടെയും സന്യസ്തരുടെയും മാത്രം കടമയല്ലായെന്ന് ഈ വചനം നമ്മെ ഓർമ്മപ്പെടുത്തുന്നു. സഭയുടെ സന്താനങ്ങളെന്ന നിലയിൽ ക്രിസ്തു സഭയെ ഏൽപ്പിച്ച ദൗത്യം തുടരുവാൻ സഭാമക്കളായ നമുക്കോരോരുത്തർക്കും കടമയുണ്ട്. ഈ ഒരു ദൗത്യവും കടമയുമാണ് ഓരോ ക്രൈസ്തവനെയും അടിസ്ഥാനപരമായി മിഷനറിയാക്കുന്നതും തിരുസഭയെ സ്വഭാവത്താലേ പ്രേഷിതയാക്കുന്നതും.

അതുപോലെ തന്നെ, മിഷൻ ഞായർ എന്നുപറഞ്ഞാൽ, കേരളത്തിനു പുറത്തുള്ള ഒരു മിഷൻ പ്രദേശത്തിന് സാമ്പത്തികസഹായം നൽകുക എന്ന ആശയം മാത്രമായി നാം ചുരുക്കരുത്. ഓരോ മിഷൻ ഞായറും നമ്മെ ഓർമ്മിപ്പിക്കുക പ്രേഷിതപ്രവർത്തനം നാമോരോരുത്തരുടെയും ജീവിതത്തിന്റെ ഭാഗമാണ് എന്ന വലിയ സത്യമാണ്. എങ്ങനെയാണ് ഈ പ്രേഷിതപ്രവർത്തനം നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കുവാൻ നമുക്ക് സാധിക്കുക? അതിനുള്ള വഴിയാണ് ഇന്നത്തെ സുവിശേഷത്തിലൂടെ ഈശോ നമുക്ക് പറഞ്ഞുതരുന്നത്. വി. മത്തായിയുടെ സുവിശേഷം 10:7 മുതലുള്ള വാക്യങ്ങളിൽ നാം ഇപ്രകാരം വായിക്കുന്നു: ''സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നുവെന്ന് പ്രസംഗിക്കുവിൻ. രോഗികളെ സുഖപ്പെടുത്തുകയും, മരിച്ചവരെ ഉയിർപ്പിക്കുകയും, കുഷ്ഠരോഗികളെ ശുദ്ധരാക്കുകയും, പിശാചുക്കളെ ബഹിഷ്ക്കരിക്കുകയും ചെയ്യുവിൻ.'' ഈ പറഞ്ഞ കാര്യങ്ങൾക്ക് ഒരു പ്രത്യേകതയുണ്ട്. ഈ

കാര്യങ്ങളൊക്കെയാണ് ഈശോ തന്റെ മൂന്നു വർഷത്തെ പരസ്യജീവിതത്തിനിടയിൽ ചെയ്ത പ്രവർത്തനങ്ങൾ. അങ്ങനെയെങ്കിൽ അവന്റെ അനുഗാമികളായ നാം വിളിക്കപ്പെട്ടിരിക്കുന്നത് ക്രിസ്തുവിന്റെ പ്രവർത്തനങ്ങൾ ഈ ഭൂമിയിൽ തുടരാനാണ്; മറ്റൊരു ക്രിസ്തുവായി മാറാനാണ്.

പ്രേഷിതപ്രവർത്തനത്തിനായുള്ള ആദ്യപടി സുവിശേഷപ്രഘോഷണമാണെന്ന് യേശു പറയുന്നു. നമുക്ക് ഇഷ്ടമുള്ള കാര്യമല്ല പ്രസംഗിക്കേണ്ടത്. മറിച്ച്, സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്ന് പ്രസംഗിക്കാനാണ് യേശുവിന്റെ ആഹ്വാനം (മത്തായി 10:7). യേശുവിന്റെ ജീവിതത്തിലുടനീളം അവിടുന്ന് പ്രസംഗിച്ചതും ജീവിച്ചതും ദൈവരാജ്യത്തിന്റെ സന്ദേശമായിരുന്നു. "എന്നെ കാണുന്നവൻ എന്റെ പിതാവിനെയും കാണുന്നു" എന്ന് ചങ്കുറപ്പോടെ അവിടുന്ന് പറയുന്നത് അതുകൊണ്ടാണ്. അതായത്, സുവിശേഷ മൂല്യങ്ങൾക്കനുസരിച്ച് ജീവിക്കുന്നവർക്കു മാത്രമേ അത് പ്രഘോഷിക്കാനാവൂ. ആദ്യം നാം സുവിശേഷം പ്രസംഗിക്കേണ്ടത് വാക്ക് കൊണ്ടല്ല മറിച്ച്, നമ്മുടെ ജീവിതസാക്ഷ്യം കൊണ്ടാണ്. വി. ഫ്രാൻസിസ് അസ്സീസി തന്റെ ശിഷ്യന്മാരെ സുവിശേഷപ്രഘോഷണത്തിന് അയച്ചുകൊണ്ട് അവരോടു പറഞ്ഞു: "നിങ്ങൾ ഗ്രാമത്തിലേയ്ക്ക് പോവുക... സുവിശേഷം പ്രസംഗിക്കുക... ആവശ്യമുണ്ടെങ്കിൽ മാത്രം വാക്കുകൾ ഉപയോഗിക്കുക." പ്രിയമുള്ളവരെ, മറ്റുള്ളവർ ഒരുപക്ഷെ, വായിക്കുന്ന ഏകസുവിശേഷം നമ്മുടെ ജീവിതങ്ങളായിരിക്കാം എന്ന് തിരിച്ചറിഞ്ഞ് നമ്മുടെ സ്നേഹപൂർവ്വമായ പെരുമാറ്റം വഴി, സൗഹൃദം വഴി, സുഖാന്വേഷണങ്ങൾ വഴി ദൈവരാജ്യത്തിന്റെ ആഗമനത്തെപ്പറ്റി നാം പ്രഘോഷിക്കേണ്ടിയിരിക്കുന്നു.

ഒരിക്കൽ വി. മദർ തെരേസയെപ്പറ്റി ഒരു ഡോക്യുമെന്ററി നിർമ്മിക്കാൻ BBC-യിൽ നിന്നും നിരീശ്വരവാദിയായ ഒരു പത്രപ്രവർത്തകൻ മദറിന്റെ അടുത്തെത്തി. പഴുത്തൊലിക്കുന്ന വ്രണബാധിതരെയെല്ലാം സ്നേഹത്തോടെ ശുശ്രൂഷിച്ച് ആശ്വസിപ്പിക്കുന്ന മദറിനെ കണ്ടപ്പോൾ അദ്ദേഹം ചോദിച്ചു: "ആരാണ് അമ്മയുടെ പ്രചോദനം?" മദർ പറഞ്ഞു: "എന്നെ സ്നേഹിക്കുന്ന എന്റെ ക്രിസ്തു." അതുകേട്ട് നാസ്തികനായ ആ മനുഷ്യൻ പറഞ്ഞു: "ആ ദൈവത്തിൽ ഞാനും വിശ്വസിക്കുന്നു." പ്രിയമുള്ളവരെ, ഇതാണ് ജീവിതസാക്ഷ്യം കൊണ്ടുള്ള വചനപ്രഘോഷണം. കേരളത്തിലെ ദളിത് ക്രൈസ്തവർ എന്നു കേൾക്കുമ്പോൾ വാ. തേവർപറമ്പിൽ കുഞ്ഞച്ചന്റെ മുഖവും, ഉത്തരേന്ത്യയിലെ ഇൻഡോർ എന്നു കേൾക്കുമ്പോൾ വാ. റാണി മരിയയുടെ മുഖവും, കോട്ടയം നവജീവൻ എന്നു കേൾക്കുമ്പോൾ പി. യു. തോമസ് ചേട്ടന്റെ മുഖവും നമ്മുടെ മനസ്സിൽ തെളിയുന്നതിന്റെ കാരണവും ഇതു തന്നെയാണ് - അവരുടെ ജീവിതസാക്ഷ്യം വഴിയായുള്ള സുവിശേഷപ്രഘോഷണം.

പ്രേഷിതപ്രവർത്തനത്തിന്റെ രണ്ടാമത്തെ പടി രോഗികളെ സുഖപ്പെടുത്തലും, പിശാചുക്കളെ പുറത്താക്കലുമാണ് (മത്തായി 10:8). ലോകത്തിലുള്ള അധികംപേരും പലതരത്തിൽ ഇന്ന് രോഗികളാണ്. ചിലർ ആദ്ധ്യാത്മികതലത്തിൽ, മറ്റു ചിലർ ശാരീരികതലത്തിൽ, വേറെ ചിലർ മാനസികതലത്തിൽ രോഗികളാണ്. ദൈവീകചൈതന്യത്തിനു വിരുദ്ധമായ ശക്തികളെയാണ് പിശാച് പ്രതിനിധീകരിക്കുക. അത് ഒരുപക്ഷെ, ശരീരത്തെ വിശുദ്ധിയിൽ കാത്തുസൂക്ഷിക്കാത്തതാവാം, മദ്യത്തിലും മയക്കുമരുന്നിലുമുള്ള അടിമത്തമാകാം... ഇങ്ങനെ പലതരത്തിൽ രോഗങ്ങളനുഭവിക്കുന്നവരുടെയുള്ളിൽ, അടിമത്വത്തിൽ കഴിയുന്നവരുടെയുള്ളിൽ പ്രതീക്ഷയുടെയും വിശ്വാസത്തിന്റെയും വെളിച്ചം പകരാൻ നമ്മുടെ സാന്നിധ്യത്തിനും പ്രാർത്ഥനയ്ക്കും സാധിക്കുമ്പോൾ പ്രേഷിതപ്രവർത്തനത്തിന്റെ രണ്ടാം പടി നാം കടക്കുന്നു.

അതുകൊണ്ട് പ്രിയമുള്ളവരെ, ജീവിക്കാത്ത സുവിശേഷം നല്ല വിശേഷമാകുന്നില്ലായെന്നും, ജീവിതത്തിലൂടെ പ്രഘോഷിക്കപ്പെടാത്ത സുവിശേഷം മറ്റുള്ളവർക്ക് സദ്വാർത്തയാകുന്നില്ലെന്നും നാം തിരിച്ചറിഞ്ഞ് ഒരു നവ സുവിശേഷവത്ക്കരണത്തിലേയ്ക്ക് കടക്കുവാൻ ഈ മിഷൻ ഞായർ നമ്മെ സഹായിക്കട്ടെ. നമുക്ക് വിശ്വാസത്തിൽ ജന്മം തന്ന മാതാപിതാക്കളെയും, വിശ്വാസവളർച്ചയ്ക്ക് സഹായിച്ച വികാരിയച്ചന്മാരെയും, മതാധ്യാപകരെയും കൃതജ്ഞതയോടെ നമുക്കിന്ന് ഓർക്കാം, പ്രാർത്ഥിക്കാം. വി. പൗലോസ് ശ്ലീഹായുടെ വാക്കുകൾ നമുക്ക് ഹൃദയത്തിൽ സൂക്ഷിക്കാം: "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം. ഞാൻ സ്വമനസ്സാ ഇത് ചെയ്യുന്നെങ്കിൽ എനിക്ക് പ്രതിഫലമുണ്ട്" (1 കൊറി. 9:16). മിശിഹാ നമ്മെ അനുഗ്രഹിക്കട്ടെ.